പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.313 — 3.2.2020 ൽ മറുപടിയ്ക്ക്

## ഭിന്നശേഷിക്കാർക്കായി ഏർപ്പെടുത്തുന്ന സൗകര്യങ്ങൾ

ചോദ്യം — മറുപടി

ശ്രീ.റോഷി അഗസ്റ്റിൻ
ഡോ.എൻ. ജയരാജ്

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

(എ) ഭിന്നശേഷിക്കാർക്ക് പ്രത്യേകിച്ച് വീൽചെയറിൽ വരുന്നവർക്ക് സർക്കാർ ഓഫീസുകളിൽ പ്രവേശിക്കുന്നതിന് നിലവിൽ വളരെയേറെ പ്രയാസം അനുഭവപ്പെടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് ഓഫീസുകളിൽ പ്രവേശിക്കുന്നതിനുതകുന്ന വിധത്തിൽ റാംപ്, ലിഫ്റ്റ്, കൈവരി എന്നിവ ഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?.

(എ) & (ബി)

ഉണ്ട്. ഭിന്നശേഷിക്കാർക്ക് സർക്കാർ ഓഫീസുകളിൽ പ്രവേശിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ 'ബാരിയർ ഫ്രീ കേരള' പദ്ധതി നടപ്പിലാക്കിവരുന്നത്. ബാരിയർ ഫ്രീ കേരള പദ്ധതിയുടെ കീഴിൽ, ഭിന്നശേഷിക്കാരുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഘട്ടം ഘട്ടമായി സംസ്ഥാനത്തെ എല്ലാ പൊതു കെട്ടിടങ്ങളിലും റാമ്പുകൾ, കൈവരികൾ, തടസങ്ങളില്ലാത്ത ലിഫ്റ്റുകൾ, വിശ്രമമുറികൾ, ശുചിമുറികൾ, ബ്രെയിലിയിലെ പ്രത്യേക ചിഹ്നങ്ങൾ, ഇതുപോലുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയെ സമ്പൂർണ്ണ ഭിന്നശേഷി സൗഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. മലപ്പുറം, വയനാട് ജില്ലകളിൽ പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു. ടി 3 ജില്ലകൾ കൂടാതെ മറ്റ് 8 ജില്ലകളിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്.

കേന്ദ്രഗവൺമെന്റിന്റെ 'അക്സസിബിൾ ഇന്ത്യ ക്യാമ്പയിൻ' പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം സിറ്റിയിലെ 28 പൊതുകെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിലേയ്ക്കായി 4,29,98,000/-(നാല് കോടി ഇരുപത്തിയൊമ്പത് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരം രൂപ മാത്രം) രൂപ

| | |
|---|---|
| | അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ ടി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം സിറ്റിയിലെ 23 പൊതുകെട്ടിടങ്ങൾ കൂടി ഭിന്നശേഷിസൗഹൃദമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

Jasmin Thomas

സെക്ഷൻ ഓഫീസർ